സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

Travancore Devaswom Board Officers' & Servants' Service Rules 2022 – Assistant Engineer (Civil) തസ്തികയിലേക്കുള്ള by transfer നിയമനം – ഭേദഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 1897/23/Est-1** നന്തൻകോട് **31/03/2023**

---

പരാമർശം :– ചീഫ് എഞ്ചിനീയറുടെ 20–02–2023 ലെ CE/Estt /GL/2023/10 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്പെഷ്യൽ റൂൾസ് പ്രകാരം ഡിഗ്രി യോഗ്യതയുള്ള ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനം ലഭിക്കുന്നതിനുള്ള അവസരം നഷ്ടമാകുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്കുള്ള 40 ശതമാനം ബൈട്രാൻസ്ഫർ നിയമനത്തിന് ഗ്രേഡ് –1 ഓവർസിയർ തസ്തികയിലെ Diploma/ITI യോഗ്യതയുള്ളവർക്ക് 3:1 അനുപാതം നിശ്ചയിച്ചിട്ടുള്ളതാണെന്നും ഡിഗ്രി യോഗ്യതയുള്ള ഓവർസിയർ ഗ്രേഡ് –1 ന് പ്രൊമോഷൻ സാദ്ധ്യത നഷ്ടമാകുന്നുവെന്നും Degree/Diploma യോഗ്യതയുള്ളവർക്കായി ഒരു സീനിയോരിറ്റി ലിസ്റ്റും ITI യോഗ്യതയുള്ളവർക്കായി ഒരു സീനിയോരിറ്റി ലിസ്റ്റും തയ്യാറാക്കി ആയതിൽ നിന്നും 3:1 അനുപാതത്തിൽ പ്രൊമോഷൻ അനുവദിക്കണമെന്നും വിവരിച്ച് ഡിഗ്രി യോഗ്യതയുള്ള ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്ന് വിവരിച്ച് ചീഫ് എഞ്ചിനീയറുടെ പരാമർശം റിപ്പോർട്ട് ലഭിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള 27 സിവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ 16 എണ്ണം നേരിട്ടുള്ള നിയമനം, 8 എണ്ണം ഡിപ്ലോമ യോഗ്യതയുള്ളവർക്ക്, 3 എണ്ണം ഐ.റ്റി.ഐ. യോഗ്യതയുള്ളവർക്ക് എന്ന ക്രമമാണ് സംവരണം ചെയ്തിട്ടുള്ളതെന്നും കേരള പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിലെ വ്യവസ്ഥകൾ പരിശോധിച്ചതിൽ Degree/Diploma യോഗ്യതയുള്ളവരുടെ സീനിയോരിറ്റി ലിസ്റ്റും ITI യോഗ്യതയുള്ളവരുടെ സീനിയോരിറ്റി ലിസ്റ്റും തയ്യാറാക്കി ആയതിൽ നിന്നും 3:1 അനുപാതത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ കേഡറിലേക്ക് പ്രൊമോഷൻ നൽകുന്നുവെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഗ്രേഡ് –1 ഓവർസിയറിൽ നിന്നും 3:1 അനുപാതത്തിൽ ഡിപ്ലോമ

(മറുപുറം)

യോഗ്യതയുള്ളവർക്കും ITI യോഗ്യതയുള്ളവർക്കും അസിസ്റ്റന്റ് എഞ്ചിനീയർ കേഡറിലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകി വരുന്നുവെന്നും ഡിഗ്രി യോഗ്യതയും സീനിയോരിറ്റിയുമുള്ള ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാർ നിലനിൽക്കെ സർവ്വീസ് സീനിയോരിറ്റി കുറഞ്ഞ ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാർക്ക് ഡിപ്ലോമ യോഗ്യതയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ കേഡറിലേക്ക് പ്രൊമോഷൻ നൽകുന്നത് ന്യായീകരിക്കത്തക്കതല്ലെന്നും Degree/Diploma യോഗ്യതയുള്ളവർക്കുള്ള ഒരു സീനിയോരിറ്റി ലിസ്റ്റും ITI യോഗ്യതയുള്ള ഒരു സീനിയോരിറ്റി ലിസ്റ്റും തയ്യാറാക്കി ഒഴിവുകളുടെ അടിസ്ഥാനത്തിൽ 3:1 അനുപാതത്തിൽ ടി ലിസ്റ്റുകളിൽ നിന്നും പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തി ഉത്തരവുണ്ടാകണമെന്നും പ്രസ്തുത റിപ്പോർട്ടിൽ തുടർന്ന് വിവരിച്ചിരിക്കുന്നു.

ടി വിഷയം ബോർഡ് പരിശോധിച്ചു.

ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ കാറ്റഗറിയിലെ Degree/Diploma holders, ITI holders എന്നിവർക്ക് 3:1 അനുപാതത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലേക്ക് Travancore Devaswom Board Officers' & Servants' Service Rules 2022 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

Travancore Devaswom Board Officers' & Servants' Service Rules 2022 ൽ മേൽ പ്രകാരമുള്ള ഭേദഗതി വരുത്തി കരട് വിജ്ഞാപനം തയ്യാറാക്കുന്നതിന് നിയമ വിഭാഗത്തെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ലാ ആഫീസർ
3. ഐ. റ്റി. ഡിവിഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK